## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

## 2019 നവംബർ 05, ചൊവ്വ
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2354

**ചോദ്യം**
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**മറുപടി**
ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

തസ്തികകളുടെ പുനർനാമകരണത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളിൽ സേവന വേതന വ്യവസ്ഥയിൽ യാതൊരു മാറ്റങ്ങളും വരാതെ ഒരു തസ്തികയുടെ പുനർനാമകരണത്തിന് അധികാരമുള്ള ജനറൽ കൗൺസിലോ/ എക്സിക്യൂട്ടീവ് കമ്മിറ്റിയോ തീരുമാനമെടുക്കുകയാണെങ്കിൽ, ആ തസ്തികയുടെ പുനർനാമകരണത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ ? | സ്വയംഭരണസ്ഥാപനങ്ങളായ സർവ്വകലാശാലകളിൽ സേവന വേതന വ്യവസ്ഥയിൽ യാതൊരു മാറ്റങ്ങളും വരാതെ ഒരു തസ്തികയുടെ പുനർനാമകരണത്തിന് തീരുമാനമെടുക്കുകയാണെങ്കിൽ, ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണ്. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്ന സ്ഥാപനം എന്ന നിലയിൽ പ്രത്യക്ഷമായോ, പരോക്ഷമായോ ബഡ്ജറ്റിലുള്ള തുകയ്ക്ക് പുറമെയായി അധിക സാമ്പത്തിക ഭാരം വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് മുൻകൂറായി സർക്കാരിൽ നിന്നും ഉപദേശം/സമ്മതം തേടേണ്ടതാണെന്നും സർക്കാർ ചട്ടങ്ങൾക്ക് വിധേയമല്ലാതെ സർവ്വകലാശാലകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് യാതൊരു കാരണവശാലും സർക്കാർ ഉത്തരവാദിയായിരിക്കില്ലായെന്നും സർവ്വകലാശാലകളുടെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് (04-12-2017 ലെ 86/17/ധന നമ്പർ സർക്കുലർ).<br><br>തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുന്നത് ഭരണപരമായ ആവശ്യകതയും കൃത്യനിർവ്വഹണത്തിലെ |

| | |
|---|---|
| | അനിവാര്യതയും കണക്കിലെടുത്ത് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലാണ്. തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുന്നത് ഭാവിയിൽ ഉയർന്ന ശമ്പളസ്കെയിലുകൾ ആവശ്യപ്പെടുന്നതിനും ആയത് അനുവദിക്കുകയാണെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയ്ക്ക് ഇടവരുത്തുകയും ചെയ്യും. അതിനാൽ തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നതും ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതും ധനവകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമായിരിക്കേണ്ടതാണ് എന്ന് 17-01-2013-ലെ 6/13/ധന നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നു. |

Jayanthy. T

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## ധനകാര്യ (പി ആർ സി -ബി) വകുപ്പ്

## <u>സർക്കുലർ</u>

നം: 06 /13/ധന

തീയതി, തിരുവനന്തപുരം.17.01.2013

**വിഷയം: വിവിധ വകുപ്പുകളിൽ തസ്തികകൾ പുനർ നാമകരണം ചെയ്യുന്നത് സംബന്ധിച്ച്.**

തസ്തികകൾ നാമകരണം ചെയ്യപ്പെടുന്നതും റൂൾ ഭേദഗതി ചെയ്യുന്നതും ധനവകുപ്പിന്റെ അനുമതിയോടുകൂടി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈയടുത്ത കാലത്തായി ചില വകുപ്പുകളിൽ ധനവകുപ്പിന്റെ അനുമതി കൂടാതെ തസ്തികകളുടെ പേര് പുനർ നാമകരണം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നത് ഭരണപരമായ ആവശ്യകതയും കൃത്യനിർവഹണത്തിലെ അനിവാര്യതയും കണക്കിലെടുത്ത് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലാണ്. അതാത് തസ്തികകളുടെ ജോലിസ്വഭാവത്തെ അടിസ്ഥാനമാക്കി ഉചിതമായ രീതിയിലാണ് കാലാകാലങ്ങളായി തസ്തികകളുടെ പേര് നൽകിവന്നിട്ടുള്ളത്. എന്നാൽ പ്രത്യേക ചട്ടങ്ങൾ ഒന്നും തന്നെ പാലിക്കാതെ അനിവാര്യമല്ലാത്ത സമയത്തും തസ്തികകൾ പുനർ നാമകരണം നടത്തപ്പെടുന്നത് ഗൗരവമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നത് ഭാവിയിൽ ഉയർന്ന ശമ്പള സ്കെയിലുകൾ ആവശ്യപ്പെടുന്നതിനിടവരുത്തുകയും മറ്റുള്ള വകുപ്പുകളും ഈ രീതി പിൻതുടരുന്നതിനിടവരികയും അത് അനുവദിക്കുകയാണെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതക്കിടവരുത്തുകയും ചെയ്യും. ആയതിനാൽ തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നതും ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതും ധനവകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമായിരിക്കേണ്ടതാണ്. ബന്ധപ്പെട്ട ഭരണവകുപ്പുകൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

രാജേഷ് കുമാർ സിൻഹ

എക്സ്പെൻഡിച്ചർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
എല്ലാവകുപ്പ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാവകുപ്പുകൾക്കും
നോഡൽ ഓഫീസർ – www. Finance.Kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Tanzeem Baig. T
Section Officer

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

ധനകാര്യ (വിദ്യാഭ്യാസ — സി) വകുപ്പ്

നം. 86/17/ധന തിരുവനന്തപുരം, തീയതി 04/12/2017

# പരിപത്രം

വിഷയം :- - സർവകലാശാലകൾ - സാമ്പത്തിക അച്ചടക്കം - മാർഗ നിർദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: - സർവകലാശാലകളിൽ കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകൾ.

സംസ്ഥാന സർക്കാരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളായ സർവകലാശാലകളുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന മാർഗ്ഗ നിർദേശങ്ങൾ കർശനമായി പാലിക്കുന്നതിന് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

1. അതാത് കാലങ്ങളിലെ ബജറ്റ് രൂപീകരണവേളയിൽ സംസ്ഥാന സർക്കാരിന് സമർപ്പിച്ചതും സർക്കാർ അംഗീകരിച്ചതുമായ പദ്ധതി/പദ്ധതിയേതര വിഹിതത്തിന് ഉള്ളിൽ ചെലവുകൾ സർവകലാശാലകൾ പരിമിതപ്പെടുത്തേണ്ടതാണ്. പ്രത്യക്ഷമായോ പരോക്ഷമായോ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ശുപാർശകൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടപ്പിലാക്കാവൂ.
2. എല്ലാ സർവകലാശാലകളിലും ഇന്റേണൽ ആഡിറ്റ് വിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് വൈസ് ചാൻസലർ ഉറപ്പു വരുത്തേണ്ടതാണ്. നിലവിൽ

അത്തരം സജ്ജീകരണങ്ങൾ ഇല്ലാത്തവയിൽ എത്രയും വേഗം പൂർണതോതിൽ സർക്കാർ ചട്ടങ്ങളെ കുറിച്ച് അവഗാഹമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിക്കുകയും പ്രസ്തുത വിംഗ് എല്ലാ മാസവും വൈസ് ചാൻസലർക്ക് റിപ്പോർട്ട് നൽകുകയും ആറ് മാസത്തിലൊരിക്കൽ സംക്ഷിപ്ത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

3. സർക്കാർ ചട്ടങ്ങൾക്ക് വിധേയമല്ലാതെ സർവകലാശാലകൾ/സിൻഡിക്കേറ്റുകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് യാതൊരു കാരണവശാലും സർക്കാർ ഉത്തരവാദിയായിരിക്കില്ല.
4. എല്ലാ സർവകലാശാലകളിലും "കാര്യക്ഷമമായ" നിയമവിഭാഗം/നിയമോപദേശക വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്ന സ്ഥാപനം എന്ന നിലയിൽ പ്രത്യക്ഷമായോ, പരോക്ഷമായോ ബജറ്റിലുള്ള തുകയ്ക്ക് പുറമേയായി അധിക സാമ്പത്തിക ഭാരം വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് മുൻകൂർ ആയി സർക്കാരിൽ നിന്നും ഉപദേശം/സമ്മതം തേടേണ്ടതാണ്.
6. സർവകലാശാലകൾക്ക് വേണ്ടി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ത്രൈമാസ തവണകളായി വിതരണം ചെയ്യുന്നതിന് ധനവകുപ്പിന്റെ അനുമതി തേടേണ്ടതാണ്. മുൻപ് വിതരണം ചെയ്ത തുക ബജറ്റ് നിർദേശങ്ങൾക്കനുസൃതമായാണ് ചെലവഴിച്ചതെന്ന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 44 പ്രകാരമുള്ള നിശ്ചിത മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.
7. സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സർവകലാശാലകൾ ബാങ്ക് അക്കൗണ്ടുകൾ ഏതെങ്കിലും ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയവ സർക്കാരിനെ അറിയിച്ചശേഷം എത്രയും വേഗം നിർത്തലാക്കേണ്ടതാണ്.

8. സർവകലാശാലകളുടെ പ്രാദേശിക കേന്ദ്രങ്ങളുടേയും വിവിധ വകുപ്പ് മേധാവികളുടേയും വരവ് സർവകലാശാലകളുടെ സെൻട്രൽ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.
9. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ (സ്പെഷ്യൽ പർപ്പസ് ഗ്രാന്റ്) അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ചല്ലാതെ വകമാറ്റി ചെലവഴിക്കാൻ പാടില്ല. പദ്ധതി വിഹിതം പദ്ധതിയേതര ആവശ്യങ്ങൾക്കോ മറിച്ചോ ചെലവഴിക്കാൻ പാടില്ല.
10. യു. ജി. സിയിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ലഭിച്ചിട്ടുള്ള ധനസഹായം ഫലപ്രദമായി വിനിയോഗിച്ച് യഥാസമയം വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
11. സർവകലാശാലകൾ വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന മുൻകൂറുകൾ ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ ക്രമീകരിക്കേണ്ടതും അപ്രകാരം ക്രമീകരിക്കാൻ കാലതാമസം വരുത്തുന്ന വേളയിൽ സർക്കാർ ചട്ടങ്ങൾക്ക് വിധേയമായി പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.
12. സർക്കാർ നിശ്ചയിച്ചതിലും കുറഞ്ഞ ഫീസ് ഈടാക്കുക, വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ഫീസുകൾ പിരിച്ചെടുക്കാതിരിക്കുക, കോളേജുകൾക്കുള്ള വാർഷിക ഭരണ നിർവഹണ ഫീസ് കുറവ് ചെയ്യുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ സർവകലാശാലകൾ ഒഴിവാക്കേണ്ടതാണ്.
13. സർക്കാർ ഉത്തരവുകളെ തെറ്റായി വ്യാഖ്യാനിച്ച് നിയമവിരുദ്ധമായി സ്ഥാനക്കയറ്റം നൽകുക , സർക്കാർ ഉത്തരവുകളെ മറികടന്ന് അധികനിരക്കിൽ അലവൻസ് നൽകുക, ജീവനക്കാർക്ക് അനർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുക എന്നിവ സർവ്വകലാശാലകൾ ഒഴിവാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ മാർഗനിർദേശങ്ങൾ എല്ലാ സർവകലാശാലകളും കർശനമായി

പാലിക്കേണ്ടതും വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവത്തോടെ വീക്ഷിക്കുന്നതാണെന്നും അറിയിക്കുന്നു.

**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. ഗവർണറുടെ സെക്രട്ടറി, കേരള രാജ് ഭവൻ.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ & ഇ/ആഡിറ്റ്) തിരുവനന്തപുരം.
3. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്
4. വിവരസാങ്കേതിക വിദ്യാ വകുപ്പ്., സെക്രട്ടറിയേറ്റ്
5. ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകൾ (ബഡ്ജറ്റ്, ജി.ഐ.എം.സി, വിദ്യാഭ്യാസം, ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം)
6. ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
7. ഡയറക്ടർ, ട്രഷറി വകുപ്പ്.
8. എല്ലാ സർവ്വകലാശാല മേധാവികൾക്കും
9. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
10. സ്റ്റേറ്റ് നോഡൽ ഓഫീസർ, www.financekerala.gov.in
11. ചീഫ് സെക്രട്ടറി, കേരള സർക്കാർ
12. സ്പീക്കറുടെ /ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
13. മുഖ്യമന്ത്രി/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി.
14. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
15. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Sreekala

സെക്ഷൻ ഓഫീസർ

Tanjani ... T
Section Officer